# <u>വകുപ്പുതല പരീക്ഷ (ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്)</u>
# <u>പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വകുപ്പുതല പരീക്ഷകൾ (Departmental Tests) ഒബ്ജക്റ്റീവ് Type (OMR മൂല്യനിർണ്ണയം) രീതിയിലായിരിക്കും.

2. പരീക്ഷയ്ക്ക് ഹാജരാകാനുള്ള സമയം രാവിലെ 6.30 ഉം തുടർന്ന്, ഉത്തരമെഴുതി തുടങ്ങുന്ന സമയം രാവിലെ 7.00 മണി മുതലുമാണ്. വകുപ്പുതല പരീക്ഷകളിൽ Account Test KSR (Lower), KSR (Higher), Excise Test Part A - I, II Papers, Excise Test Part B - Criminal Law, Executive Officers Test Paper II-KSR എന്നീ പരീക്ഷകൾക്ക് രണ്ട് മണിക്കൂറും (രാവിലെ 7.00 മുതൽ 9.00 വരെ) മറ്റു പരീക്ഷകൾക്ക് ഒന്നര മണിക്കൂറും (രാവിലെ 7.00 മുതൽ 8.30 വരെ) ആയിരിക്കും സമയക്രമം. പരീക്ഷയ്ക്ക് അരമണിക്കൂർ മുൻപ് (രാവിലെ 6.30 മണിയ്ക്ക്) പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ ഹാജരാകേണ്ടതാണ്. 6.30 മുതൽ 7 മണി വരെ സമയം അഡ്മിഷൻ ടിക്കറ്റ് പരിശോധന, Identity ഉറപ്പു വരുത്തൽ, OMR sheet വിതരണം തുടങ്ങി preparatory സമയമാണ്. <u>**രാവിലെ 7.00 മണിക്ക് പരീക്ഷ തുടങ്ങിയതിനു ശേഷം ഒരു മിനിറ്റു പോലും വൈകി വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല**</u>. പരീക്ഷ ആരംഭിച്ച ശേഷം പരീക്ഷ അവസാനിക്കുന്നതിനുമുമ്പ് ഒരു കാരണവശാലും പരീക്ഷാഹാളിനു പുറത്തു പോകാൻ അനുവാദമില്ല.

3. പരീക്ഷാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന അഡ്മിഷൻ ടിക്കറ്റിൽ പി.എസ്.സി മുദ്രയുടെ പ്രിന്റ് ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം അവരുടെ ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.

   **പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ്** (ഓഫീസ് മേധാവി യഥാവിധി സാക്ഷ്യപ്പെടുത്തിയത്) **പരീക്ഷാഹാളിൽ ഹാജരാക്കേണ്ടതും, പരിശോധനയ്ക്ക് നൽകി തിരികെ കൈപ്പറ്റേണ്ടതുമാണ്.** അഡ്മിഷൻ ടിക്കറ്റ് (ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കാത്തപക്ഷം പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

4. അഡ്മിഷൻ ടിക്കറ്റിൽ ഫോട്ടോയ്ക്ക് താഴെ നല്കിയിരിക്കുന്ന സ്ഥലത്ത് പരീക്ഷാർത്ഥി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

5. **പരീക്ഷാർത്ഥിയുടെ അഡ്മിഷൻ ടിക്കറ്റ് ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. പരീക്ഷാർത്ഥിയുടെ ഒപ്പ്, ഫോട്ടോ, പേര് എന്നിവയും. Free chance അവകാശപ്പെട്ടിട്ടുണ്ടോ എന്നതും പരിശോധിച്ച് മേലധികാരി ബന്ധപ്പെട്ട കോളങ്ങളിൽ ☑ മാർക്ക് ചെയ്യുവെന്നും ഓഫീസ് മുദ്രയോടൊപ്പം സാക്ഷ്യപ്പെടുത്തുന്ന മേലധികാരിയുടേ ഒപ്പ്, പേര് തസ്തികയുടെ പേര് എന്നിവയോരോന്നും വ്യക്തമായിത്തന്നെ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. ആഫീസ് സീൽ ഔദ്യോഗിക പദവിയ്ക്ക് തെളിവായി സ്വീകരിക്കപ്പെടുന്നതല്ല. അപേക്ഷകൻ തന്നെ ആഫീസ് മേധാവിയാണെങ്കിൽ അദ്ദേഹത്തിൻെറ മേലധികാരിയുടെ മേലൊപ്പ് ആണ് വാങ്ങേണ്ടത്. ഇവയിലേതെങ്കിലുമൊന്ന് വിട്ടുപോകുന്നതിനാലും അപൂർണ്ണമോ, അവ്യക്തമോ ആയ സാക്ഷ്യപ്പെടുത്തലുകൾ കാരണമായും പരീക്ഷാർത്ഥികൾക്ക് പരീക്ഷയെഴുതുവാനുള്ള അവസരം നഷ്ടമാവുകയോ, പരീക്ഷയെഴുതിയ പേപ്പർ അസാധുവാക്കപ്പെടുകയോ ചെയ്യുന്നതാണ്.**

6. A,B,C,D എന്നീ നാല് ആൽഫാ കോഡുകളിലുള്ള OMR ഉത്തരക്കടലാസും ചോദ്യ പുസ്തകവുമായിരിക്കും വിതരണം ചെയ്യുക.

7. ഓരോ പരീക്ഷാർത്ഥിയും പരീക്ഷാഹാളിലെ അവരവരുടെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആൽഫാകോഡു പ്രകാരം OMR ഉത്തരക്കടലാസും, ചോദ്യപുസ്തകവും കൈപ്പറ്റേണ്ടതാണ്.

8. ഉത്തരക്കടലാസിൽ Part A, Part B എന്നീ രണ്ടു ഭാഗങ്ങളുണ്ടായിരിക്കും.

9. Part A യിൽ രജിസ്റ്റർ നമ്പർ, Paper Code (അഡ്മിഷൻ ടിക്കറ്റിലുള്ളതു പോലെ) എന്നിവ നിശ്ചിത കോളത്തിൽ എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും വേണം.

കൂടാതെ പരീക്ഷാതീയതി, പേപ്പറിന്റെ പേര് എന്നിവയും രേഖപ്പെടുത്തേണ്ടതാണ്. **അല്ലാത്തപക്ഷം ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.**

10. OMR ഷീറ്റിന്റെ Part B ഉത്തരമെഴുതാനുള്ള ഭാഗമാണ്. അതിൽ പേപ്പർ കോഡ് നിശ്ചിത സ്ഥലത്ത് എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും വേണം. അല്ലാത്തപക്ഷം ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്

11. **ചോദ്യപുസ്തകത്തിന്റെ മുൻപേജിൽ മുകൾഭാഗത്ത് പരീക്ഷാർത്ഥികൾ അവരവരുടെ പേര്, രജിസ്റ്റർനമ്പർ, ഒപ്പ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്. പരീക്ഷാസമയത്ത് ചോദ്യ പുസ്തകത്തിൻെറ അവസാനഭാഗത്ത് അനുവദിക്കപ്പെട്ട Space for rough work പേജിൽ അല്ലാതെ ചോദ്യപുസ്തകത്തിൻെറ മറ്റു ഭാഗങ്ങളിൽ അടയാളപ്പെടുത്തലുകൾ ഒഴിവാക്കുക. നിർദ്ദേശങ്ങൾ പാലിക്കാത്തവരെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.**

12. **ചോദ്യപുസ്തകത്തിൽ അടയാളപ്പെടുത്തലുകൾ വരുത്തി പരസ്പരം കൈമാറ്റം ചെയ്യാൻ പാടില്ല. അപ്രകാരം പ്രവർത്തിക്കുന്നവരുടെ ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.**

13. ചോദ്യപുസ്തകത്തിൽ ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരസൂചനകൾ തന്നിരിക്കും. അവയിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്ത് OMR ഉത്തരക്കടലാസിൽ Part B യിൽ ബന്ധപ്പെട്ട ചോദ്യനമ്പരിനു നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ, കറുപ്പോ ബോൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കേണ്ടതാണ്.

14. ഓരോ പേപ്പറിന്റേയും പരമാവധി മാർക്ക് 100 ഉം വിജയിക്കുന്നതിനുള്ള കുറഞ്ഞ മാർക്ക് 40% ഉം ആയിരിക്കും. നെഗറ്റീവ് മാർക്ക് ബാധകമാണ്. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും ⅓ മാർക്ക് നഷ്ടമാവുകയും ചെയ്യും.

15. സ്ഥലംമാറ്റം/ട്രെയിനിംഗ്/ആരോഗ്യപരമായ കാരണങ്ങൾ എന്നിവ മൂലം പരീക്ഷാ കേന്ദ്രത്തിൽ മാറ്റം ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട ഉത്തരവ്/മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റൽ പരീക്ഷാ വിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം-4 എന്ന മേൽവിലാസത്തിൽ 23.01.2018 നകം അപേക്ഷ നൽകേണ്ടതാണ്.

16. അഡ്മിഷൻ ടിക്കറ്റിലോ ഉത്തരക്കടലാസിലോ ന്യൂനതയുള്ള പക്ഷം അത്തരം പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ Invalidate ചെയ്യുന്നതായിരിക്കും.

17. കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുറിപ്പുകൾ, അംഗീകാരമില്ലാത്ത പുസ്തകങ്ങൾ, ഗൈഡുകൾ മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി, കാൽക്കുലേറ്റർ, പേജർ, ബ്ലൂടൂത്ത്, വാക്ക്മാൻ, സ്മാർട്ട്വാച്ച് തുടങ്ങിയ ഇലക്ട്രോണിക്/വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ പരീക്ഷാകേന്ദ്രത്തിൽ അനുവദിക്കുന്നതല്ല. **പരീക്ഷാജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതും അവർക്കെതിരെ കമ്മീഷൻ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.**

    പരീക്ഷാ സമയം അവസാനിയ്ക്കുമ്പോൾ, OMR ഷീറ്റിൻെറ A,B ഭാഗങ്ങൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപിച്ചശേഷം മാത്രമേ പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ നിന്നും പുറത്തുപോകാൻ പാടുള്ളൂ

18. സെക്കന്റ് ക്ലാസ് ലാംഗ്വേജ് ടെസ്റ്റ് ഇൻ മലയാളം (തമിഴ്/കന്നഡ) 45 മിനിട്ട്, മൈനോറിറ്റി ലാംഗ്വേജ് ടെസ്റ്റ് (തമിഴ്/കന്നഡ) 2 മണിക്കൂർ എന്നീ പരീക്ഷകൾക്ക് വിവരണാത്മക രീതി തുടരുന്നതാണ്.

19. **നിർദ്ദേശങ്ങൾ പരീക്ഷാർത്ഥികൾ കർശനമായി പാലിക്കേണ്ടതാണ്. വീഴ്ച വരുത്തുന്നവരുടെ പേരിൽ വകുപ്പുതലപരീക്ഷകളിൽ നിന്നും ഡീബാർ ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.**

**The following publications are permitted for reference other than Government publications**

| Papers | Name of Books | Editor/Publication |
|---|---|---|
| Account Test (Higher) Part II – Paper I (Introduction) | The constitution of India (Bare Act) (should not be a guide or treatise) | Any private publication |
| Motor Vehicles Department Test I Paper | Law of Motor Vehicles in Kerala | Sri.A.Gangadharan BA, BL |
| | Law of Motor Vehicles in Kerala | Sri. G.Suresh for AG Publications, Cochin |
| | Law of Motor Vehicles and Motor Accident Claims | Published by Law Books Centre Ernakulam |
| Motor Vehicles Department Test II Paper | Law of Taxes on Motor Vehicles | Sri. A. K. Avirah, Advocate, Ernakulam and Sri. Parameswaran Moothath, B.A. B.L. |
| | The Kerala Motor Vehicles Taxation Act, 1976 | Sri. Sugathan, Advocate, Ernakulam |
| | Kerala Motor Vehicle Taxation Act and Rules | Published by Law Books Centre Ernakulam |
| Panchayat Tests | Kerala Panchayat Manual (Act and Rules) | Published by the Kerala Law Times, Cochin-11 or Cochin 31 |
| Civil Judicial Test I Paper | Code of Civil Procedure | Published by the Kerala Law Times Cochin-11 or Cochin 31, Swami Law House Ernakulam &Law Books Centre, Ernakulam |
| | Civil Rules of Practice | Law Books Centre, Ernakulam Edited by Sri. .George Johnson &Sri Dominic Johnson. |
| Civil Judicial Test II Paper | (ചുവടെ കുറിപ്പ് (iii) കാണുക) | |
| Criminal Judicial Test I Paper | Code of Criminal Procedure | Published by Law Books centre, Kochi, Swami Law House, Ernakulam (allowed upto July 2018) |
| Criminal Judicial Test II Paper | Indian Penal Code | |
| Excise Test Part - A I &II Papers | The Kerala Abkari Act | B.G.Harindranath, Swamy Law House, Ernakulam. |
| Revenue Test Paper I, II &III | LAWS ON LAND | Sri.Gangadharan |
| | LAWS ON LAND | Sri. G.Suresh |
| | LAWS ON LAND IN KERALA | Sri.George Johnson and Sri.Dominic Johnson |
| Revenue Test Paper – III | KERALA LAND REFORMS ACT | Sri.Sugathan, Advocate, Ernakulam |
| | LAW OF LAND REFORMS IN KERALA | Sri.George Johnson and Sri.Dominic Johnson |

| | | |
|---|---|---|
| Kerala Head Load Workers Rules I Paper | 1. The Minimum Wages Act, 1948<br>2. The Payment of Wages Act, 1936<br>3. The Payment of Bonus Act, 1965<br>4. The Industrial Disputes Act, 1947<br>5. The Employees Compensation Act, 1923 | Universal Publications, Law Publishing Company Pvt. Ltd, New Delhi (should not be a guide or treatise) allowed upto July 2018 or till the publication of Govt. Book whichever is earlier. |

**(i) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻെറ OA No.193/2012-ാം നമ്പർ കേസിലെ ഉത്തരവിൻെറ അടിസ്ഥാനത്തിൽ വനം വകുപ്പിലെ ജീവനക്കാർക്കു വേണ്ടി നടത്തുന്ന വകുപ്പുതല പരീക്ഷക്ക് സർക്കാർ പ്രസിദ്ധീകരിക്കുന്ന Forest Law, Forest Code എന്നീ പുസ്തകങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്) ഉപയോഗിച്ച് പരീക്ഷ എഴുതുവാൻ നിരുപാധികം അനുവദിച്ചിട്ടുണ്ട്.**

**(ii)** പി.ഡബ്ല്യു.ഡി. മാന്വൽ ടെസ്റ്റിന് പി.ഡബ്ല്യൂ.ഡിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകിയിട്ടുള്ള പി.ഡബ്ല്യു.ഡി. മാന്വൽ ഡൗൺലോഡ് ചെയ്ത് അതാത് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയ പകർപ്പ് സർക്കാർ പ്രസിദ്ധീകരണം ലഭ്യമാകുന്നത് മുൻനിർത്തി ജൂലൈ 2018 വരെയുള്ള പരീക്ഷകൾക്ക് ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

**(iii)** സിവിൽ ജുഡീഷ്യൽ ടെസ്റ്റ് പേപ്പർ **II**–ന് ബന്ധപ്പെട്ട **Bare Act-**കളുടെ സർക്കാർ പ്രസിദ്ധീകരണം പരീക്ഷാർത്ഥികൾക്ക് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി **Bare Act-**കളുടെ പകർപ്പ് (ഫോട്ടോകോപ്പി) ചുവടെപ്പറയും പ്രകാരം രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത് 2018 ജനുവരിയിലെ വകുപ്പുതലപരീക്ഷയ്ക്ക് റഫറൻസിനായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ട്.

**“Verified the contents in the copy with the original Bare Act and found correct.”**